പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2156 26-10-2026-ൽ മറുപടിയ്ക്ക്

മുനിസിപ്പൽ കോമൺ സർവീസിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി ഒ. എസ്. അംബിക	ശ്രീ. കെ. എം. ഷാജി (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) സമയബന്ധിതമായി ഓരോ ജില്ലകളിൽ നിന്നും ഒഴിവുകൾ കണക്കാക്കി മുൻ മുനിസിപ്പൽ കോമൺ സർവീസിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ നടത്താറുണ്ടോ; എല്ലാ ജില്ലകളിൽ നിന്നും ഇവർക്ക് അർഹതപ്പെട്ട ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാറുണ്ടോയെന്നും അതിനാവശ്യമായ നടപടി സമയബന്ധിതമായി സ്വീകരിക്കാറുണ്ടോയെന്നും വ്യക്തമാക്കുമോ;

മറുപടി: സമയബന്ധിതമായി ഓരോ ജില്ലകളിൽ നിന്നും ഒഴിവുകൾ കണക്കാക്കി മുൻ മുനിസിപ്പൽ കോമൺ സർവീസിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ നടത്തി വരുന്നുണ്ട്. എല്ലാ ജില്ലകളിൽ നിന്നും ഇവർക്ക് അർഹതപ്പെട്ട ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സമയബന്ധിതമായി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അപാകതകളെല്ലാം പരിഹരിച്ച് കൃത്യമായ കാലയളവിൽ പുതുക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

മറുപടി: അപാകതകൾ പരിഹരിച്ച് സീനിയോറിറ്റി ലിസ്റ്റ് കൃത്യമായ കാലയളവിൽ പുതുക്കാറുണ്ട്.

(സി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷനു മാറ്റിവയ്ക്കേണ്ട ഒഴിവുകൾ ഇവർക്ക് തന്നെ ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഓരോ ജില്ലാ ഓഫീസുകളിലേക്കും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷനു മാറ്റിവയ്ക്കേണ്ട ഒഴിവുകൾ സംബന്ധിച്ച നിർദ്ദേശം എല്ലാ ജില്ലാ ഓഫീസുകളിലേക്കും നൽകിയിട്ടുണ്ട്. ആയതിനാൽ ടി ഒഴിവുകൾ ഇവർക്ക് തന്നെ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ